## കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് -കരാറുകാർ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (എച്ച്) വകുപ്പ്

സ. ഉ (ആർ.റ്റി).നം.1244/2010 /പൊ.മ.വ     തിരുവനന്തപുരം, തീയതി, 2/8/2010

---

## ഉത്തരവ്

പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാറില്ലായെന്നത് രൂക്ഷമായ വിമർശനത്തിന് ഇടയാക്കുന്നുണ്ട്. നിശ്ചിത സമയത്ത് പണിപൂർത്തിയാക്കാത്തതുമൂലം അടങ്കൽ തുക പുതുക്കേണ്ടി വരുന്നത് സർക്കാരിന് ഭീമമായ അധിക സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിൽ കരാറുകാർ ഏറ്റെടുത്തു നടത്തുന്ന പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

1. കരാറുകാർ ഏറ്റെടുക്കുന്ന പ്രവൃത്തികൾ കൃത്യസമയത്തോ അതിനു മുമ്പാതോ പൂർത്തീകരിക്കുന്നതിന് വിവിധ തലത്തിലുള്ള എഞ്ചിനീയറന്മാർ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവരുടെ വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ അത് രേഖപ്പെടുത്തേണ്ടതും അവരുടെ സ്ഥലം മാറ്റം, സ്ഥാനക്കയറ്റം തുടങ്ങിയ കാര്യങ്ങൾക്ക് അത് പരിഗണിക്കുന്നതുമാണ്.

2. അനുവദിക്കപ്പെട്ടിട്ടുള്ള കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പ്രവൃത്തികൾക്ക് ഒരു പ്രാവശ്യം മാത്രമേ സമയപരിധി ദീർഘിപ്പിച്ചു നൽകുകയുള്ളൂ.

3. രണ്ടാമത് സമയപരിധി ദീർഘിപ്പിച്ച് നൽകേണ്ടി വന്നാൽ കരാറുകാർ നിശ്ചിത തുക പിഴയായി സർക്കാരിൽ ഒടുക്കേണ്ടതാണ്

4. രണ്ടാമതും ദീർഘിപ്പിച്ചു നൽകുന്ന കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദാക്കി പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം.

എൻ. സുദർശനൻ പിള്ള
അഡീഷണൽ സെക്രട്ടറി

ചീഫ് എൻജിനീയർ (നിരത്തുകളും പാലങ്ങളും/ എൻ.എച്ച് / ഭരണം / കെട്ടിടവിഭാഗം) പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം

ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗം, തിരുവനന്തപുരം

എല്ലാ സൂപ്രണ്ടിംഗ് എൻജിനീയർമാർക്കും/. എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാക്കും (ചീഫ് എൻജിനീയർ മുഖാന്തിരം)

അക്കൗണ്ടന്റ് ജനറൽ (എ & ഇ) / (ആഡിറ്റ്) കേരള, തിരുവനന്തപുരം

സെക്രട്ടേറിയേറ്റ് പൊതുമരാമത്ത് വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

സ്റ്റോക്ക് ഫയൽ / ഒ.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ